മാർക്കറ്റ്				സ്വർണം	
145.83	↓	സെൻസെക്സ്	35352.61	പവൻ (8ഗ്രാം)	24,920
36.6	↓	നിഫ്ടി	10604.35	ഒരു ഗ്രാം	3115

സ്റ്റാർട്ടപ്പുകൾക്ക് ആശ്വാസം

ബിസിനസ്‌ലേഖകൻ

ന്യൂഡൽഹി: സ്റ്റാർട്ടപ്പുകൾക്കും സംരംഭക ലോകത്തേക്ക് പുതുതായി കടക്കാൻ ആശിക്കുന്നവർക്കും ആശ്വാസമേകുന്ന നടപടിയുമായി കേന്ദ്രസർക്കാർ. നിക്ഷേപങ്ങൾക്കുള്ള നികുതിയിളവിന്റെ പരിധി ഉയർത്തിയതിന് പുറമേ, സ്റ്റാർട്ടപ്പുകളുടെ നിർവചനം കേന്ദ്രസർക്കാർ സംരംഭക സൗഹൃദവുമാക്കി.

ഏഞ്ചൽ നിക്ഷേപകരിൽ നിന്നുൾപ്പെടെ ലഭിക്കുന്ന നിക്ഷേപം പത്തു കോടി രൂപയിൽ താഴെയാണെങ്കിൽ മാത്രമാണ് നികുതിയിളവുണ്ടായിരുന്നുള്ളൂ. ഈ പരിധി 25 കോടിയാക്കി. 1961ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 56(2) ഭേദഗതി ചെയ്തു.

ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തതും 100 കോടി രൂപവരെ മൂല്യമുള്ളതോ 250 കോടി രൂപവരെ വിറ്റുവരവുള്ളതോ ആയ കമ്പനികൾ, യോഗ്യതയുള്ള സ്റ്റാർട്ടപ്പുകളിൽ നടത്തുന്ന 25 കോടി രൂപയ്ക്കുമേൽ വരുന്ന നിക്ഷേപത്തിനും നികുതി ഇളവ് നേടാൻ വ്യവസ്ഥയുണ്ട്. പ്രവാസികൾ, ഓൾട്രർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ് (എ.ഐ.എഫ്) എന്നിവ നടത്തുന്ന നിക്ഷേപത്തിനും ഇളവ് നേടാം.

പ്രവർത്തനാരംഭം അല്ലെങ്കിൽ രജിസ്ട്രേഷൻ മുതൽ ഏഴുവർഷം വരെ പ്രവർത്തന പരിചയമുള്ള സ്ഥാപനങ്ങളെയാണ് സ്റ്റാർട്ടപ്പുകളായി നിലവിൽ പരിഗണിക്കുന്നത്. ഇത് പത്തുവർഷത്തിലേക്ക് ഉയർത്തുകയും ചെയ്തു.

പ്രവർത്തനം തുടങ്ങി ഇതുവരെ ഒരു സാമ്പത്തിക വർഷത്തിലും 25 കോടി രൂപയ്ക്കുമേൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ലാത്തവയ്ക്ക് മാത്രമാണ് സ്റ്റാർട്ടപ്പ് പദവി ലഭിച്ചിരുന്നത്. ഇതിന്റെ പരിധി 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ടെന്നും സർക്കാർ വ്യക്തമാക്കി. നിലവിലെ വിപണി മൂല്യത്തേക്കാൾ ഉയർന്ന നിക്ഷേപം ഏതെങ്കിലും സ്റ്റാർട്ടപ്പ് സംരംഭങ്ങൾ സ്വീകരിച്ചാൽ അത് മറ്റ് സ്രോതസുകളിൽ നിന്നുള്ള വരുമാനമായി കണക്കാക്കി, 30 ശതമാനം നികുതി ഈടാക്കാനും വ്യവസ്ഥയുണ്ട്.

ഇറ്റലിയെ പിന്തള്ളി ഇന്ത്യ ഒന്നാമത്

ലോകത്ത് മൊത്തം നിഷ്ക്രിയ ആസ്തി (കിട്ടാക്കടം) അനുപാതത്തിൽ ഇറ്റലിയെ പിന്തള്ളി ഇന്ത്യ ഒന്നാമതെത്തി. 2018 സെപ്തംബറിലെ കണക്കനുസരിച്ച് മൊത്തം വായ്പയുടെ 10.3 ശതമാനം കിട്ടാക്കടം രേഖപ്പെടുത്തിയാണ് ഈ നാണക്കേടിന്റെ പട്ടം ഇറ്റലിയിൽ നിന്ന് ഇന്ത്യ സ്വീകരിച്ചത്.

ടോപ് 10 കിട്ടാക്കടക്കാർ

ഇന്ത്യ	10.3%
ഇറ്റലി	9.9%
ബ്രസീൽ	3.2%
ഫ്രാൻസ്	2.9%
ചൈന	1.9%
ജർമ്മനി	1.5%
ബ്രിട്ടൻ	1.2%
ജപ്പാൻ	1.1%
അമേരിക്ക	0.9%
കാനഡ	0.4%

ന്യൂ സാൻട്രോ വേൾഡ് അർബൻ കാർ അവാർഡിന്

കൊച്ചി: ഹ്യുണ്ടായുടെ ഏറ്റവും മികച്ച മോഡലുകളിലൊന്നായ ദി ആൾ ന്യൂ സാൻട്രോ ഇക്കാല്പെത്തെ വേൾഡ് അർബൻ കാർ അവാർഡിനായി ഷോർട്ട് ലിസ്റ്റ് ചെയ്ത അഞ്ച് കാറുകളിലാണ്നായി മാറി. ഈ നോമിനേഷൻ ലഭിക്കുന്ന ആദ്യ ഇന്ത്യൻ കാറെന്ന ബഹുമതിയും ന്യൂ സാൻട്രോയ്ക്ക് ലഭിച്ചു. 2018 ഒക്ടോബറിൽ ലോഞ്ച് ചെയ്ത ഈ കാർ ഇതുവരെ 12 അവാർഡുകൾ നേടിക്കഴിഞ്ഞു.

മേഡേൺ സ്റ്റൈലിഷ് ടോൾ ബോയ് ഡിസൈൻ, അത്യാധുനിക സാങ്കേതിക വിദ്യ, ഉയർന്ന സുരക്ഷാ സംവിധാനങ്ങൾ, പ്രീമിയം കാബിൻ തുടങ്ങിയ പകരം വെക്കാനാവാത്ത സവിശേഷതകളാണ് ന്യൂ സാൻട്രോയെ പ്രിയപ്പെട്ട ഫാമിലി കാർ ആക്കിയത്. ഈ നേട്ടത്തിൽ അതിയായ അഭിമാനമുണ്ടെന്ന് ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ എം.ഡിയും സി.ഇ.ഒയുമായ എസ്.എസ്. കിം പറഞ്ഞു.

കടപ്പത്രം, ബാങ്ക് വായ്പ: റേറ്റിംഗ് മെച്ചപ്പെടുത്തി കെ.എഫ്.സി

കൊച്ചി: ഇന്ത്യയിലെ മികച്ച സംസ്ഥാന ധനകാര്യ കോർപ്പറേഷനുകളിലൊന്നായ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) കടപ്പത്രങ്ങൾക്കും ബാങ്ക് വായ്പകൾക്കുമുള്ള റേറ്റിംഗ് മെച്ചപ്പെടുത്തി. കേരള സർക്കാർ ഗ്യാരന്റിയുള്ള 400 കോടി രൂപയുടെ കടപ്പത്രത്തിന്റെ റേറ്റിംഗ് ബ്രിക്സ്‌വർക്ക് ഏജൻസി എ (നെഗറ്റീവ്) ൽ നിന്നും എ ഗ്രേഡായി ഉയർത്തി നൽകി.

സർക്കാർ ഗ്യാരന്റിയല്ലാതെ സമാഹരിച്ച 500 കോടിയുടേയും ലക്ഷ്യമിട്ടുന്ന 250 കോടിയുടെ കടപ്പത്രങ്ങൾക്ക് റിസർവ് ബാങ്കിന്റെയും സെബിയുടെയും അംഗീകാരമുള്ള റേറ്റിംഗ് ഏജൻസിയായ ബ്രിക്സ്‌വർക്ക്, ഡബിൾ എ റേറ്റിംഗ് ആണ് നൽകിയിട്ടുള്ളത്.

സർക്കാർ ഗ്യാരന്റിയില്ലാതെ കടപ്പത്രം വഴിതുക സമാഹരിക്കുന്ന സംസ്ഥാനത്തെ ഏകപൊതുമേഖലാസ്ഥാപനമാണ് കെ.എഫ്.സി. ഈ സാമ്പത്തിക വർഷം തന്നെ കടപ്പത്രത്തിലൂടെ തുക സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് കെ.എഫ്.സിയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സഞ്ജീവ് കൗശിക് ഐ.എ.എസ് അറിയിച്ചു.

ടൈറ്റാനിയത്തിൽ ശമ്പളപരിഷ്കരണത്തിന് മുമ്പേ ആനുകൂല്യം : മന്ത്രി ഇ.പി. ജയരാജൻ

തിരുവനന്തപുരം: ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ പ്രകാരം ശുപാർശ ചെയ്യിട്ടുള്ളതിന്റെ 80 ശതമാനം തുക ഉടൻ നൽകുമെന്നും ശമ്പളപരിഷ്കരണ കരാർനിലവിൽവരുന്നതിന് മുമ്പേ ആനുകൂല്യം നൽകുന്നതിനാണ് ഈ ക്രമീകരണമെന്നും മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

കമ്പനി പുതിയതായിവിപണിയിലെത്തിച്ച അഞ്ച് ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനവും അരിഥിമന്ദിരത്തിന്റെ ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. ശമ്പളപരിഷ്കരണം കാലോചിതമായി നടപ്പാക്കുന്നതിൽ മുൻമാനേജ്മെന്റ് പരാജയപ്പെട്ടു. 32 ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

ഇതിൽ ഉടൻ തീരുമാനമെടുക്കും. കരാർ നിലവിൽ വരുന്നതിന് മുമ്പേ ജീവനക്കാർക്ക് ആനുകൂല്യം നൽകുന്നതിന് ധാരണാപത്രം ഒപ്പിട്ടുമെന്നും ജയരാജൻ പറഞ്ഞു.

സി.ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷനായി. ടൈറ്റാനിയം ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, ടൈറ്റാനിയത്തിലെ തൊഴിലാളി സംഘടനാ നേതാക്കളായ ക്ലൈനസ് റൊസാരിയോ, എം. ജെ തോമസ്, സി.എസ് പ്രസന്നകുമാരൻ, വി.ബിനുരാജ്, ടൈറ്റാനിയം എം.ഡി ജോർജീ നൈനാൻ എന്നിവർ സംസാരിച്ചു.

ജിപ്സം, ബ്രിക്ക്, അയൺ ഓക്സൈഡ്, റോഡ്മാർക്കിംഗ്പെയിന്റ്, ഇന്റർലോക്ക് ടൈൽ എന്നിവയാണ് പുതിയതായിവിപണിയിൽ എത്തിച്ചത്. പൊതുമേഖലാ സ്ഥാപനമായ ടൈറ്റാനിയത്തിന്റെ റോഡ്മാർക്കിംഗ്പെയിന്റ് ഉപയോഗിക്കാൻ പൊതുമരാമത്ത് വകുപ്പും തീരുമാനിച്ചിട്ടുണ്ട്. ടൈറ്റാനിയം നിർമ്മാണത്തിനെയുണ്ടാകുന്ന അവശിഷ്ടങ്ങൾകൊണ്ടാണ് ബ്രിക്ക് ഉണ്ടാക്കിയിട്ടുള്ളത്. ഇതുപയോഗിച്ചാണ് ഫാക്ടറി വളപ്പിൽ അതിഥി മന്ദിരം നിർമ്മിക്കുന്നത്.

കല്യാണിൽ കോട്ടൺ മഹോത്സവം തുടങ്ങി

കൊച്ചി: ഇന്ത്യയിലെ ഏറ്റവും വലിയ കോട്ടൺ ഫെസ്റ്റിവൽ ആയ കോട്ടൺ ഉത്സവമായി കല്യാൺ സിൽക്സ്. ആയിരത്തിലധികം നെയ്ത്ത് ഗ്രാമങ്ങളിലെസൃഷ്ടികളാണ് കല്യാൺ സിൽക്സിന്റെ കേരളത്തിലുടനീളമുള്ള ഷോറൂമുകളിൽ ആരംഭിച്ച കോട്ടൺ ഫെസ്റ്റിലുള്ളത്. ഇന്ത്യൻ ഗ്രാമങ്ങളിലെതനത്സംസ്കാരം വിളിച്ചോതുന്ന വസ്ത്രങ്ങളുടെ ശേഖരം എൻചാന്റിങ്ങ് ഈസ്റ്റ്, വണ്ടർ ഫുൾ വെസ്റ്റ്, സിന്റിലേറ്റിങ്ങ്സൗത്ത്, ന്യൂ ജെൻ നോർത്ത് എന്നിങ്ങനെനാല്വിഭാഗങ്ങളിലായായാണ് പ്രദർശിപ്പിക്കുന്നത്.

രണ്ട് ലക്ഷത്തിലേറെ കോട്ടൺ സാരികളും അനുബന്ധ ശ്രേണികളുമാണ് ഈ കോട്ടൺ ഫെസ്റ്റിവലിലൂടെ മലയാളിയ്ക്ക് സമ്മാനിക്കുന്നതെന്ന് കല്യാൺ സിൽക്സിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. പട്ടാഭിരാമൻ പറഞ്ഞു.

ചുരിദാർ, ചുരിദാർ മെറ്റീരിയൽസ്, എത്ത്നിക് വെയർ, കിഡ്സ് വെയർ, മെൻസ് വെയർ, കുർത്തി, ലേഡീസ് വെയർ, ടീൻസ് വെയർ, ഡെയലി വെയർ എന്നിവയുടെ ഏറ്റവും പുതിയ കളക്ഷനുകളും ഫെസ്റ്റിവലിന്റെ ഭാഗമാണ്.

വിസ്മയ ശ്രേണികളുടെ വില 250 രൂപ മുതലാണ് ആരംഭിക്കുക. കോട്ടൺ മേള മാർച്ച് 15 നാണ് പരിസമാപ്തി കുറിക്കുക.

ബിൽഡ്-എ- ബെയർ സ്റ്റോർ ബംഗളൂരുവിൽ

കൊച്ചി: പാവനിർമാണരംഗത്തെ അന്താരാഷ്ട്ര ബ്രാൻഡായ ബിൽഡ് എ ബെയറിന്റെ ഇന്ത്യയിലെ ആദ്യ സ്റ്റോറുമായി ലുലു ഇൻറർനാഷണൽ ഗ്രൂപ്പിൻറെ റീടെയ്ൽ വിഭാഗമായ ടേബിൾസ്.

ബംഗളൂരുവിലെ ഫീനിക്സ് മാർക്കറ്റ് സിറ്റിയിലെ 'ടോയ്സ് ' ആർ' അസി' ലാണ് ആദ്യ സ്റ്റോർ തുറന്നത്. ഇന്ത്യയിലെആദ്യസ്റ്റോർബംഗളൂരുവിൽതുറന്നതിന്റെആവേശത്തിലാണെന്നും ടേബിൾസ് എം.ഡി അദീബ്അഹമ്മദ്പറഞ്ഞു.

500 ഓളം സ്റ്റോറുകളാണ് ലോക വ്യാപകമായി ബിൽഡ് എബെയറിനുള്ളത്. കഴിഞ്ഞ 21 വർഷത്തിനുള്ളിൽ 175 ദശലക്ഷം ടെഡി ബെയറുകളാണ് ബിൽഡ് എ ബെയർ കുട്ടികൾക്കായി വിതരണം ചെയ്തത്.

SCRIP	BSE	NSE
ABB	1241.900	1242.950
ACC	1353.800	1353.100
Adani Power	36.850	36.850
AKSHOPTICAL	18.550	18.550
AMARAJA	737.550	738.300
ANDHARA BANK	23.400	23.400
APPOLOHOS	1118.550	1116.400
ARVINDMILL	76.200	76.200
ASHOKLEY	79.250	79.200
ASIANPNT	1378.950	1377.850
AVAYA GLOBAL	85.000	82.800
AXISBANK	693.200	693.050
BAJAJAUTO	2782.650	2787.850
BALAJITELE	80.900	80.550
BANKOFBARODA	102.150	102.450
BATAIND	1260.950	1264.050
BEML	755.750	756.550
BFLSOFT	1044.250	1044.450
BHARTI	304.250	303.700
BHEL	62.050	62.050
BIOCON	615.850	616.150
BOI	81.150	81.100
BOMBDYE	104.850	105.050
BPCL	334.400	335.250
BPL	25.750	25.650
BRITANNIA	2875.950	2873.550
BSES	122.200	122.250
CANARABANK	215.200	214.850
CEAT	1053.500	1052.000
CENTURY TEXT	715.250	715.450
CHENNAIPETRO	202.750	202.450
CIPLA	539.200	539.650
COLGATE	1247.050	1249.350
CORPBNK	24.450	24.500
CRANESOFT	1.760	0.000
CROMPGREV	28.800	28.800
D-LINK	0.000	78.750
DABUR	420.950	420.800
DENABANK	10.850	10.800
DIVIS LAB	1588.500	1587.850
DRREDDY	2535.600	2536.900
DWARKESH SUGAR	24.150	24.250
EIHOTEL	183.950	184.200
ENGGINDIA	107.150	107.200
ESCORTS	636.350	637.150
Euro Multivision Ltd	0.000	0.700
Excel Infoways Ltd	0.000	1.600
FINLXCABLE	362.400	363.400
GAIL	319.600	320.250
GARDEN SILK	15.200	15.250
GESHIPP	269.200	269.000
GLAXO	1346.700	1349.200
GLENMARK	579.000	579.150
GLOBALTELE	4.220	4.150
Globus Spirits Ltd	127.000	126.650
GNFC	246.900	246.750
GODREJS	669.300	669.700
GRASIM	716.200	718.350
GUJAMBCEM	200.100	199.600
HCLINFO	16.700	16.650
HDFC	1851.250	1853.450
HDFCBNK	2084.300	2084.050
HEROHONDA	2643.150	2636.850
HINDALCO	186.550	186.550
HINDLEVER	1738.750	1737.950
HINDMOT	6.700	6.750
HINDUJAFUN	316.800	314.050
HMCHLFUT	21.100	21.150
HOTLEELA	12.060	12.050
HPCL	214.800	214.800
HUGHSTELE	3.140	3.150
I-FLEX	3468.900	3485.250
ICICIBANK	343.350	343.250
IDBI	42.550	42.400
INDHOTEL	137.400	137.800
INDIACEM	83.050	82.950
INFOSYS	725.150	724.300
INFOTECH ENT	607.700	610.750
IOB	12.460	12.550
IOC	125.700	125.600
ITC	275.100	275.900
Jindal Cotex Ltd	3.700	3.800
KALECONSULT	932.000	934.350
KARUR VYSYA BANK	66.100	66.000
KOPRAN	35.750	35.950
KOTAKM	1278.050	1280.450
L&T	1255.750	1258.300
LICHSGFIN	448.600	448.100
LUPINCHEM	763.250	763.100
LYKALAB	21.950	21.850
M&M	632.200	632.600
MAHABANK	12.270	12.300
Mahindra Holidays	186.200	186.650
MARUTI	6805.750	6804.550
MAXIND	385.700	385.400
MCDOWEL	513.250	512.500
MELSTAR	1.500	0.850
MIDDAY	25.300	25.600
MRF	54320.550	54227.900
MROTECH	38.000	38.050
MTNL	11.960	11.900
MUKTAARTS	35.600	35.650
NAICHOLAS	2173.050	2179.600
NATHSEED	5.450	0.000
NEYBELI	62.100	61.700
NHPC Ltd	23.400	23.400
NTPC	133.400	133.700
ORC	80.800	81.100
Oil India Ltd (OIL)	177.350	177.100
ONGC	139.000	139.150
ONWARDTECI	59.950	59.750
PANACEABIO	160.550	161.750
PETRONET	214.600	214.600
PFIZER	2907.450	2927.100
PRYACEM	91.650	91.900
RAMCOSYS	219.300	219.850
RELCAP	151.500	151.450
RELIANCE	1216.350	1216.100
SARIGAMA	533.600	529.450
SBI	262.500	262.900
SCI	35.700	35.650
SIEMENS	945.450	944.800
SKFBEAR	1968.000	1965.050
SMITHKLC	7282.700	7303.600
STROPTICAL	231.950	232.200
SUNPHARMA	414.350	413.650
SYNDIBANK	31.350	31.400
Tata Communications	508.150	507.750
TATACHEM	565.050	566.050
TATAELXSI	856.400	856.150
TATAPOWER	65.850	65.900
TATATEA	184.750	184.500
TCS	1904.850	1904.800
TELCO	163.500	163.750
THERMAX	970.750	972.250
THMCOOK	211.000	210.450
TIPSINDIA	60.500	60.000
TISCO	471.150	470.950
TITANIND	1029.150	1028.800
TRIGYNTECH	65.200	64.900
UCOBANK	17.100	17.050
UNICHEMLAB	189.850	190.000
VESUVIUS	1130.000	1130.100
VOLTAS	524.250	524.100
WIPRO	366.050	363.450
ZEETELE	446.100	446.450
KERALA BASED		
APOLLOTYRE	202.500	202.400
AVTNPL	22.500	22.650
Cochin minerals	196.550	0.000
COCHINSHIP	340.150	339.350
Dhan bank	14.150	13.950
Eastern Treads	38.200	0.000
Fact	30.600	30.600
FEDERALBNK	79.400	79.300
GEOJIT	32.900	32.850
Gtn textiles	7.980	8.550
HARMALA	64.900	65.100
INDITRADE	36.400	0.000
Kera ayu	60.650	0.000
Kitex	91.250	90.450
Kse ltd.	1373.150	0.000
Managuram	106.750	107.000
Muthoot capital	758.950	762.750
Muthootfin	520.300	518.950
Nitta gelatin	121.900	0.000
Patspin india	10.650	10.050
RUBFILA INTL [BSE]	38.000	0.000
SIB	12.880	12.850
Sree sakthi paper	5.500	0.000
Vertex	1.800	0.000
Vguard	186.800	186.550
WONDERLA	270.800	271.600

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	71.40	71.31
യൂറോ	80.86	80.79
പൗണ്ട്	92.29	92.20
സ്വിസ്ഫ്രാങ്ക്	71.20	71.11
സിംഗപ്പൂർ ഡോളർ	52.68	52.60
ആസ്ട്രേലിയ ഡോളർ	51.10	51.05
കനേഡിയൻ	53.94	53.86
ബഹ്റിൻ ദിനാർ	189.24	
കുവൈറ്റ് ദിനാർ	234.86	
ഒമാനി റിയാൽ	185.31	
സൗദി റിയാൽ	19.02	
യു. എ. ഇ. ദിർഹം	19.42	
ഖത്തർ റിയാൽ	19.59	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	17,700
വെളിച്ചെണ്ണ	16,100
കൊപ്ര	10,760-11,600
പിണ്ണാക്ക് എക്സ്പെല്ലർ	2350
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
ചേറാത്തത്	34,000
കുരുമുളക് പുതിയത്	32,600
കുരുമുളക് ചേറിയത്	36,000
പുതിയ ചുക്ക്	28,000-31,000
ചുക്ക് മീഡിയം	25,000
ചുക്ക് ബെസ്റ്റ്	28,500
മഞ്ഞൾ	12,500
സേലം-ഈറോഡ്	8200-8500
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്ക പഴയത്	22,000-23,000
പഞ്ചസാര	3560
വറുൽമുളക്	10,500-13,500
ഉഴുന്ന്	6500-8000
ചെറുപയർ	6800-7400
കടല	5900-6600
മുതിര	4200
എള്ള്	9500-15000
മല്ലി	6800-10,200
പച്ചരി നമ്പർ-2	2900
പുഴുക്കലരി (ജയ)	2800-2900
ഗ്രാമ്പൂ	725
പാം ഓയിൽ	6550
ജാതിക്ക	
തൊണ്ടൻ	225-250
തൊണ്ടില്ലാത്തത്	440-460
ജാതിപത്രി ചുവപ്പ്	800-900
പൈനാപ്പിൾ	
പച്ച	25.00
പഴം	26.00
സ്പെഷ്യൽ	27.00
റബർ	
ആർഎസ്എസ്4	12,350
ആർഎസ്എസ്-5	11,100-11,750
ഒട്ടുപാൽ	8500
ലാറ്റക്സ്	8100
കോട്ടയം	
ആർ.എസ്.എസ്4	119.50
ആർ.എസ്.എസ്5	113.50
തരംതിരിക്കാത്തത്	102.00
	102.50
ഒട്ടുപാൽ	78.50
റബർ ബോർഡ്	
ആർ.എസ്.എസ്4	12350
ആർ.എസ്.എസ്5	11650
തരംതിരിക്കാത്തത്	11500
ഒട്ടുപാൽ	8560
ബാങ്കോക്ക്	
ആർ.എസ്.എസ്1	11506
ആർ.എസ്.എസ്2	11370
ആർ.എസ്.എസ്3	11245
ആർ.എസ്.എസ്4	11171
ആർ.എസ്.എസ്5	11074
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	—
60% ലാറ്റക്സ്	—
വെളിച്ചെണ്ണ	195.00
കൊപ്ര	138.00
ശർക്കര (മറയൂർ)	70.00
ശർക്കര (പാണ്ടി)	52.00
കാപ്പി	118.00
കണ്ണൂർ	
കൊപ്രക്കിന്റൽ	10500
വെളിച്ചെണ്ണ	
ടിൻ	2740
കിലോ	186
ലിറ്റർ	174
പിണ്ണാക്ക്ക്വിന്റൽ	3000
തേങ്ങക്വിന്റൽ	3400
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
,,	10,150
,,	10,200
തൃശ്ശൂർ	
വെളിച്ചെണ്ണ (മില്ലിംഗ്)	17100
തയ്യാർ	16100
കൊപ്ര	11110
തേങ്ങപിണ്ണാക്ക്	2100
നല്ലെണ്ണ	3100
കടലെണ്ണ	2200
എള്ളിൻപിണ്ണാക്ക്	3500
സ്വർണ്ണം	3100
വെള്ളി	440
അടയ്ക്ക കൊക്കാല	
പഴയത്	4000-4700
പുതിയത്	3800-4500
രണ്ടാംതരം	1000-2600
അമല	
പഴയത്	4400-4760
പുതിയത്	4100-4573
രണ്ടാംതരം	2500-3000
പഴഞ്ഞി	
പഴയത്	4500-5000
പുതിയത്	4400-4500
രണ്ടാംതരം	3000-3500
നെടുമങ്ങാട്	
റബർ	106
ഒട്ടുപാൽ	72
തേങ്ങ	40
കുരുമുളക്	300
കുരുമുളക് (പച്ച)	112
കൊട്ടപ്പാക്ക്	180
വരവുമേനി	150
ജാതിക്ക	180
ജാതിപരിപ്പ്	380
ജാതിപത്രി	800
ഗ്രാമ്പ്	550
കാപ്പി	95
കൊക്കോ	12
കശു അണ്ടി	100
സ്വർണം	
കൊച്ചി(8ഗ്രാം)	24,920
ഒരുഗ്രാം	3115
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

ശാസ്ത്രകൗമുദി

പനനൊങ്ക് ; വേനലിലെ ആരോഗ്യം

വേനൽച്ചൂടിൽ ശരീരം തണുപ്പിക്കാനും കടുത്തക്ഷീണം അകറ്റാനും മികച്ചപ്രതിവിധിയാണ് പനനൊങ്ക്. മൈക്രോന്യൂട്രിയൻസ് ധാരാളമുണ്ട് ഇതിൽ. മികച്ച രോഗപ്രതിരോധശേഷി കൈരിക്കാൻ സഹായിക്കുന്നു. വിറ്റാമിൻ എ, സി, മഗ്നീഷ്യം, കാൽസ്യം എന്നിവ അടങ്ങിയിട്ടുണ്ട്. പൊട്ടാസ്യവും സോഡിയവും ശരീരത്തിലെ നിർജ്ജലീകരണം തടയുന്നു. ഊർജ്ജത്തിന്റെ ഉറവിടമാണിത്. അധികമുള്ള കൊളസ്ട്രോളിനെ ഇല്ലാതാക്കുന്നതിനൊപ്പം ഹൃദയാരോഗ്യവും സംരക്ഷിക്കുന്നു.

രക്തത്തിലെ പഞ്ചസാരയുടെ അളവിനെ ക്രമപ്പെടുത്തുന്നതിനാൽ പ്രമേഹരോഗികൾക്ക് കഴിക്കാൻ ഉത്തമം. പനനൊങ്കിൽ അടങ്ങിയിരിക്കുന്ന വിറ്റാമിൻ എ, കരോട്ടിനോയ്ഡ്സ് എന്നിവ കാഴ്ചശക്തി വർദ്ധിപ്പിക്കും. നൊങ്ക് ചർമ്മത്തിന്റെ സൗന്ദര്യവും ആരോഗ്യവും മെച്ചപ്പെടുത്തും. ഗർഭിണികൾ പനനൊങ്ക കഴിയ്ക്കുന്നത് അസിഡിറ്റി പരിഹരിക്കും. ഡീഹൈഡ്രേഷൻ തടയും. ദഹനം സുഗമമാക്കും. ധാരാളം പൊട്ടാസ്യം അടങ്ങിയിരിയ്ക്കുന്നതു കൊണ്ടുതന്നെ ലിവർ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്. വേനൽക്കാലത്തെ ചൂടുകുരു അകറ്റാനും നൊങ്ക് സഹായിക്കും ഇതിലുള്ള ആന്തോസയാക്സിൻ എന്ന ഫൈറ്റോകെമിക്കൽ സ്തനാർബുദം തടയും.

മഹാഗുരു

തിങ്കൾ മുതൽ വ്യാഴം വരെ രാത്രി 7 നും 10നും കൗമുദി ടിവിയിൽ

എപ്പിസോഡ് 7

നാണ സാധാരണ കുട്ടികളെപ്പോലെയല്ല. പ്രകൃതവും നിരീക്ഷണവും വ്യത്യസ്തം. അമ്മാവൻ കൃഷ്ണൻവൈദ്യർ നാണുവിന്റെ അസാധാരണത്വം പ്രത്യേകം ശ്രദ്ധിക്കുന